# നീര ഉൽപാദനം: കർഷകർക്ക് രണ്ടു മാസത്തിനകം അനുമതിയെന്നു മന്ത്രി

2013 ജനുവരി 14 തിങ്കൾ
മലയാള മനോരമ

## ● പച്ചത്തേങ്ങയുടെ സംഭരണ വില കിലോയ്ക്കു 16 രൂപ ആക്കിയെന്നു മന്ത്രി മോഹനൻ

കോഴിക്കോട് ● നീര ഉൽപാദിപ്പിക്കാൻ കർഷകർക്ക് അനുമതി നൽകാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ടെന്നും രണ്ടു മാസത്തിനകം ഇതു നടപ്പാക്കുമെന്നും കൃഷി മന്ത്രി കെ.പി. മോഹനൻ. എക്സൈസ് വകുപ്പിന്റെ അനുമതി ലഭിക്കാനുണ്ട്. കർഷകസംഘടനകൾ, തൊഴിലാളികൾ എന്നിവരുമായി ചർച്ച നടത്തി വരികയാണെന്നും മന്ത്രി പറഞ്ഞു.

കൃഷിഭവൻ മുഖേനയുള്ള പച്ചത്തേങ്ങ സംഭരണത്തിന്റെ മലബാർ മേഖലാ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. പച്ചത്തേങ്ങയുടെ സംഭരണവില കിലോയ്ക്കു 16 രൂപയാക്കിയതായും മന്ത്രി പ്രഖ്യാപിച്ചു. സംസ്ഥാനത്ത് 634 കൃഷിഭവൻ മുഖേനയാണ് ഇതു നടപ്പാക്കുന്നത്.

കയർഫെഡിന്റെ സഹകരണത്തോടെ തൊണ്ടുസംഭരണവും നടപ്പാക്കും. ഇതിനായി മന്ത്രി അടൂർ പ്രകാശുമായി ചർച്ച നടത്തിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ചിരട്ട സംഭരണവും നടത്തും. തദ്ദേശഭരണ വകുപ്പുമായി ചേർന്നു സംസ്ഥാനത്തു തരിശുരഹിത പഞ്ചായത്ത് പദ്ധതി നടപ്പാക്കും. ജൂലൈ 31 വരെയാണു മത്സരസമയം. ഒന്നാം സ്ഥാനക്കാർക്കു 10 ലക്ഷവും രണ്ടാം സ്ഥാനക്കാർക്ക് അഞ്ചു ലക്ഷവും മൂന്നാം സ്ഥാനക്കാർക്കും മൂന്നു ലക്ഷവും നൽകുമെന്നും അദ്ദേഹം പറഞ്ഞു. ആത്മ എക്സിബിഷനും വേങ്ങേരി മാർക്കറ്റിൽ സ്ഥാപിച്ച ഡ്രയറും മന്ത്രി ഉദ്ഘാടനം ചെയ്തു. എം.കെ. രാഘവൻ എംപി അധ്യക്ഷത വഹിച്ചു. റിവോൾവിങ് ഫണ്ട് വിതരണവും അദ്ദേഹം നിർവഹിച്ചു. പച്ചക്കറിപോളിഹൗസ് മന്ത്രി എം.കെ. മുനീർ ഉദ്ഘാടനം ചെയ്തു. സർക്കാർ ജീവനക്കാരുടെ സമരത്തിന്റെ ഭാഗമായി ഇടതു ജനപ്രതിനിധികൾ വിട്ടുനിന്നു.